സ്റേറഷനറിയും അച്ചടിയും ഭരണപരമായ മററ് സർവ്വീസുകളും എന്ന 14–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പെൻഷനും പലവകയും എന്ന 16–ാം നമ്പർ ധനാഭ്യർത്ഥനയുടെയും വാർത്താവിതരണവും പ്രക്ഷേപണവും എന്ന 23–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പ്രകൃതി ക്ഷോഭത്തിനു ഇരയായവർക്ക് ദുരിതാശ്വാസം എന്ന 26–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പലവക സാമ്പത്തിക സർവ്വീസ്സുകൾ എന്ന 28–ാം നമ്പർ ധനാഭ്യർത്ഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാററങ്ങളും എന്ന 43–ാം നമ്പർ ധനാഭ്യർത്ഥനയുടെയും, പല വക വായ്പകളും മുൻകൂറുകളും എന്ന 45–ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്ററിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 1987–88 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് പാസാക്കുകയും ഗ്രാൻറുകൾ അനുവദിക്കുകയും ചെയ്തു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ലെജിസ്ലേച്ചറിനെ സംബന്ധിച്ച ധനാഭ്യർത്ഥനകൾ അങ്ങ് വായിച്ചു. അതിനു വോട്ട് ആവശ്യമില്ല. അതു പറയേണ്ട കാര്യമുണ്ടായിരുന്നില്ല.

മി. സ്പീക്കർ: മെമ്പേഴ്സിന്റെ ടി.എ. യും മററ് കാര്യങ്ങളും വോട്ടഡ് ആണ്. സ്പീക്കറുടേത് മാത്രമേ ചാർജ്ഡ് ഉള്ളൂ. ലെജിസ്ലേച്ചർ 'as a whole' ഇല്ല. Expenditure regarding the T.A. and other accounts regarding the members വോട്ടഡ് ആണ്. About the Speaker it is charged.

## VIII. സ്പീക്കറുടെ റൂളിംഗ്

### മന്ത്രിമാർ നൽകുന്ന ഉത്തരങ്ങൾ തിരുത്തുന്നതിനെ സംബന്ധിച്ച്:

ശ്രീ. ടി.എം. ജേക്കബ് സഭയിൽ ഉന്നയിച്ച പ്രശ്നം ചെയർ പരിശോധിക്കുകയുണ്ടായി. സഭയിൽ ഉത്തരം പറയുന്ന സ്ററാർഡ് ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം കറക്ഷൻ നടത്താൻ മന്ത്രി ആവശ്യപ്പെട്ടാൽ അതിനെ സംബന്ധിച്ച് ഉപചോദ്യം ചോദിക്കാൻ ചോദ്യകർത്താവിന് അവകാശം നൽകണമെന്നുണ്ട്. ഈ നടപടിക്രമം അംഗീകരിച്ചുകൊണ്ട് മുൻ സ്പീക്കറുടെ റൂളിംഗ് ഉണ്ടായിട്ടുണ്ട്. എന്നാൽ മേശപ്പുറത്തുവയ്ക്കുന്ന സ്ററാർഡ്, ആൻറ് അൺസ്ററാർഡ് ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം കറക്ഷൻ വരുത്തുകയാണെങ്കിൽ ആ കറക്ഷൻ സ്പീക്കറുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുകയും മേശപ്പുറത്തുവച്ച വിവരം സ്പീക്കറുടെ അനുവാദത്തോടുകൂടി സഭയിൽ പറയുകയും വേണം. ഇതാണ് ഇന്ന് നിലവിലുള്ള നടപടിക്രമം.

ശ്രീ. ടി.എം. ജേക്കബ് ഉന്നയിക്കുന്ന മറെറാരു പ്രശ്നവും കൂടിയുണ്ട്. അത് സമയപരിധിയെ സംബന്ധിക്കുന്ന കാര്യമാണ്. സഭയിൽ നൽകപ്പെടുന്ന ഉത്തരങ്ങളെല്ലാം പൂർണ്ണമായും ശരിയായിരിക്കണമെന്നുള്ളതാണ് പൊതു നിയമം. "Correction is only an exception." കറക്ഷനെ സംബന്ധിച്ചിടത്തോളം നിമയസഭാ നടപടിച്ചട്ടങ്ങളിൽ ഡയറക്ഷൻസ് നമ്പർ 1 ആയി കൊടുത്തിട്ടുണ്ട്. പ്രധാനമായും സ്റേററുമെൻറിനെ ഉദ്ദേശിച്ചാണ്. മന്ത്രിമാർ അറിഞ്ഞുകൊണ്ട് തെററായ ഉത്തരങ്ങൾ നൽകാൻ ഇടയില്ലല്ലോ. തെററു കണ്ടുപിടിക്കപ്പെട്ടാൽ എത്രയും

LIBRARY ARCHIVES Kerala Legislative Assembly

പെട്ടെന്ന് തിരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു സമയപരിധി നിശ്ചയിക്കുക പ്രായോഗികമല്ല; യുക്തിസഹവുമല്ല. അതുകൊണ്ടായിരിക്കണം നിയമസഭാചട്ടങ്ങളിൽ സമയ പരിധി വ്യവസ്ഥ ചെയ്തിട്ടില്ലാത്തത്. സ്റ്റാർഡ്ഡ് അൺസ്റ്റാർഡ്ഡ് ആയ ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളം കറക്ഷന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള റൂളിംഗും ഈ സഭയിൽ നിലവിലില്ല. ഇക്കാരണങ്ങളാൽ കറക്ഷനെ സംബന്ധിച്ചിടത്തോളം ഒരു കാലാവധി വയ്ക്കുന്നത് പ്രായോഗികമല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു. ഇതിന് ഉപോൽബലകമായി ശക്ധർ ആൻറ് കൗളിൽതന്നെ സമയപരിധി നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞിട്ടില്ല.

"Corrections to answers to questions/statements are required to be made as early as possible. The speaker has ruled that in the case of delay, statement explaining the delay should be made along with the statement making corrections": There is no time limit fixed. So, whenever a correction is made and if it is a delayed correction; a statement should be accompanied stating the reasons for the delay. That is the procedure adopted in the Lok Sabha. Here also it is applicable. And one more thing I would like to add is that if on any ground if a time-limit is found necessary, the Rules Committee can Suo-moto make necessary arrangements and this will not be a bar.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1987 ജൂലൈ 30-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.45-നു പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly